പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6256 — 09.07.2013 ൽ മറുപടിയ്ക്ക്

## യുവജനങ്ങൾക്ക് ഓൺലൈൻ രജിസ്ട്രേഷനിൽ പരിശീലനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ. വി.റ്റി. ബൽറാം | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| (എ) | യുവജനങ്ങൾക്ക് യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ ഡി.റ്റി.പിയിലും പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷനിലും പരിശീലനം നൽകുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്, കേരളത്തിലെ എല്ലാ വിഭാഗത്തിലും പെട്ട അഭ്യസ്തവിദ്യരായ യുവജനങ്ങൾക്കായി വൺടൈം രജിസ്ട്രേഷൻ, ഓൺലൈൻ ആപ്ലിക്കേഷൻ എന്നിവയിൽ പരിശീലനം നൽകുവാൻ ഉദ്ദേശിക്കുന്നു. സി-ഡിറ്റിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ ഒരു ജില്ലയിൽ നിന്നും 1500 കുട്ടികൾ വീതം 14 ജില്ലകളിൽ നിന്നുമായി 21000 കുട്ടികൾക്ക് 500/-രൂപ നിരക്കിൽ 60 മണിക്കൂർ പരിശീലനം നൽകുന്ന പദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. കൂടാതെ സി-ഡിറ്റുമായി സഹകരിച്ച് ഒരു ജില്ലയിൽ നിന്നും 500 പേർക്ക് വീതം ഡി.റ്റി.പി പരിശീലനവും നൽകുന്നു. |
| (ബി) | പദ്ധതി മുഖാന്തിരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) | അടിസ്ഥാന കമ്പ്യൂട്ടർ പരിജ്ഞാനം നൽകി പി.എസ്.സി ഓൺ ലൈൻ രജിസ്ട്രേഷൻ, വൺ ടൈം രജിസ്ട്രേഷൻ, ഹാൾടിക്കറ്റ് ഡൌൺ ലോഡിംഗ് എന്നിവ സംബന്ധിച്ച് പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെയാണ് പി.എസ്.സി രജിസ്ട്രേഷൻ പരിശീലനം സംഘടിപ്പിക്കുന്നത്. വിവിധ മേഖലകളിൽ ധാരാളം തൊഴിൽ സാധ്യതയുള്ള ഡി.റ്റി.പി പരിശീലന പരിപാടിയിലൂടെ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനം നൽകി അവരെ സ്വയം തൊഴിൽ സംരംഭകരാക്കുന്നതിനും പുതിയ തൊഴിൽ സാധ്യതകൾ കണ്ടെത്തുന്നതിനും പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് ഡി.റ്റി.പി പരിശീലനം നടത്തുന്നത്. |
| (സി) | ഇതിനായി എന്തു തുക നീക്കിവച്ചിട്ടുണ്ട്; | (സി) | പി.എസ്.സി രജിസ്ട്രേഷൻ പരിശീലനത്തിന് 1.05 കോടി രൂപയും (ഒരു കോടി അഞ്ച് ലക്ഷം രൂപ മാത്രം) ഡി.റ്റി.പി പരിശീലനത്തിന് 1,40,00,000/- രൂപയുമാണ് (ഒരു കോടി നാല്പത് ലക്ഷം രൂപ മാത്രം) വകയിരുത്തിയിട്ടുള്ളത്. |

| | | | |
|---|---|---|---|
| (ഡി) | ഇതുമായി സഹകരിക്കുന്നവർ ആരൊക്കെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം; വ്യക്തമാക്കുമോ? | (ഡി) | കേരള പബ്ലിക് സർവ്വീസ് കമ്മീഷനും, കേരള സംസ്ഥാന യുവജനക്ഷേമ ബോർഡും സംയുക്തമായി സി -ഡിറ്റിന്റെ സഹായത്തോടെയാണ് പി.എസ്.സി ഓൺലൈൻ രജിസ്ട്രേഷൻ പരിശീലനം സംഘടിപ്പിക്കുന്നത്. ഡി.റ്റി.പി പരിശീലനം സി-ഡിറ്റിന്റെ സഹായത്തോടെയാണ് സംഘടിപ്പിക്കുന്നത്. |

സെക്ഷൻ ഓഫീസർ